DESPATCHED On. 2.6.1.2.2020
21/1/20




# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in


## ഹർജി നമ്പർ AP No.1470(7)/2014/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.8311/എസ്.ഐ.സി–ജി 6/2014)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. വി.വി.രാജൻ,
വാഴവളപ്പിൽ വീട്, ചേനോളി പി.ഒ,
പേരാമ്പ്ര, കോഴിക്കാട് – 673 525. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ഗവൺമെന്റ് എൽ.പി.സ്ക്കൂൾ, പറയഞ്ചേരി,
   ചേവായൂർ ഉപജില്ല, കോഴിക്കോട്.
2. അപ്പീൽ അധികാരി,
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   ചേവായൂർ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 25.02.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.03.2014 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05.04.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 02.05.2014 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05.06.2014 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 09.06.2014 |
| ഹിയറിംഗ് തീയതി & സ്ഥലം | 17.01.2020 & സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ് പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.രാജൻ.വി.വി 05.06.2014 ന് സമർപ്പിച്ച അപ്പീൽ ഹർജി 09.06.2014 ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1470(7)/2014/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന പറയഞ്ചേരി ജി.എൽ.പി സ്കൂളിൽ പ്രധാന അധ്യാപിക കൈവശം വെച്ച രേഖകളും വിവരങ്ങളും ലഭ്യമാക്കിയില്ലായെന്നും വ്യക്തമായ മറുപടി നൽകിയില്ലായെന്നും, ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 25.02.2014 ൽ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 2011-2012 കാലഘട്ടത്തിൽ പറയഞ്ചേരി ജി.എൽ.പി സ്കൂൾ പ്രധാന അധ്യാപിക പ്രസ്തുത സ്കൂളിലെ ജനറൽ ബോഡി യോഗത്തിൽ സ്കൂൾ വാർഷിക പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ച് പാസാക്കിയിട്ടുണ്ടോ?, ഉണ്ട് എന്നാണെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ (2011-2012) പകർപ്പ് ലഭ്യമാക്കുക, 2012-2013 വർഷത്തിൽ പറയഞ്ചേരി ജി.എൽ.പി സ്കൂളിലെ ജനറൽബോഡി യോഗത്തിൽ സ്കൂൾ വാർഷിക റിപ്പോർട്ട് (2012-2013) അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ടോ? എന്നതുമായി ബന്ധപ്പെട്ട് 16 വിവരങ്ങളായിരുന്നു.

4. ഒന്നാം എതിർകക്ഷി 29.09.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 25.02.2014 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ 05.04.2014 ന് അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷയ്ക്ക് 02.05.2014 ന് എ/1707/14(2) നമ്പർ കത്ത് പ്രകാരം മറുപടി നൽകിയെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി പൂർണ്ണമല്ലെന്ന് കണ്ടതിനെ തുടർന്ന് ടിയാൻ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനായി 02.05.2014 ൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ പകർപ്പ് അപ്പീൽ ഹർജിക്കാരന് ലഭ്യമാക്കുകയും ചെയ്തു. അപ്പീൽ അധികാരിയുടെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ 01 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും 12,13,14 എന്നിവ വ്യക്തിപരമായ വിവരങ്ങളായതിനാൽ വിവരങ്ങൾ നൽകാൻ സാധ്യമല്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച 6(1) അപേക്ഷയ്ക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കൃത്യമായ മറുപടി നൽകിയതായി കാണുന്നില്ല. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭ്യമാക്കാതിരുന്നത് എതിർകക്ഷിയുടെ ഭാഗത്തു നിന്നുള്ള കൃത്യവിലോപമാണ്. ടി സാഹചര്യത്തിൽ ടി എതിർകക്ഷിക്കെതിരെ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷി ടിയാന്റെ വിശദീകരണം കമ്മീഷൻ മുമ്പാകെ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ജനുവരി 21– ാം തീയതി കമ്മീഷൻ താത്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

RIGHT TO INFORMATION